■ വർമ്മ ഹോംസിന്റെ കാക്കനാട് പാലച്ചുവടിലുള്ള വർമ്മ അവന്യൂ ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ടിന്റെ ബ്രോഷർ വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ സ്ഥലം ഉടമകളായ ജോൺ ജോസ് വളവി, ജോസ് വളവി എന്നിവർക്ക് നൽകുന്നു.

കേരള ജെം ആൻഡ് ജ്വല്ലറി ഷോ ആരംഭിച്ചു

കൊച്ചി: പതിനെട്ടാമത് കേരള ജെം ആൻഡ് ജ്വല്ലറി ഷോ (കെ. ജി. ജെ എസ് എക്സ്പോ 2025) അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ആരംഭിച്ചു. കല്യാൺ ജ്വല്ലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി. എസ്. കല്യാണരാമൻ എക്സ്പോ ഉദ്ഘാടനം ചെയ്തു. ആഭരണവ്യാപാര മേഖലയിലെ ആഗോള മാറ്റത്തിനാണ് മേള വേദിയാവുന്നതന്ന് ടി. എസ്. കല്യാണരാമൻ പറഞ്ഞു. ഉദ്ഘാടനസമ്മേളനത്തിൽ രാജേഷ് കല്യാണരാമൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, കല്യാൺ ജ്വല്ലേഴ്സ്), ജോൺ അലുക്ക (മാനേജിംഗ് ഡയറക്ടർ, ജോസ് ആലുക്കാസ് ജ്വല്ലറി), കെ.ജി.ജെ. എസ്. മാനേജിങ്ങ് ഡയറക്ടർ പി.വി. ജോസ്, പ്രോഗ്രാം ഡയറക്ടറും, പി.ജെ. പ്ലാറ്റിനം മാനേജിങ് ഡയറക്ടറുമായ മിൽട്ടൺ ജോസ്, ഡയറക്ടർമാരായ സുമേഷ് വധേര, ക്രാന്തി നാഗ്‌വേക്കർ, കർണാടക ജ്വല്ലറി ഫെഡറേഷൻ ചെയർമാൻ ശ്രീകാന്ത് കാരി എന്നിവർ പങ്കെടുത്തു.

മിഡ്നൈറ്റ് കാർണിവലുമായി എം.ജി മോട്ടോർ

കൊച്ചി: രാജ്യവ്യാപകമായി മിഡ്നൈറ്റ് കാർണിവൽ ക്യാമ്പെയ്ൻ ആരംഭിച്ച് ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ. കാർണിവൽ നാളെ സമാപിക്കും. ഈ കാലവളവിൽ എല്ലാ എംജി ഷോറൂമുകളും അർധരാത്രി വരെ തുറന്നിരിക്കും. കാർണിവലിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് നിരവധി ഓഫറുകളും കമ്പനി വാഗ്ദാനം ചെയ്യുന്നു.

കുതിപ്പ് തുടർന്ന് സ്വർണവില

മട്ടാഞ്ചേരി: ഇന്നലെയും സ്വർണവില കുതിച്ചു. 760 രൂപ കൂടി പവനു വില 95,840 രൂപയായി. ഗ്രാമിനു വില 12,000 രൂപയ്ക്കടുത്തെത്തി. 95 രൂപ വർധിച്ച് ഗ്രാമിന്റെ വില 11,980 രൂപയാണ്. രാജ്യാന്തര സ്വർണവില ഔൺസിന് 4,222 ഡോളറായി ഉയർന്നു. അതേസമയം, വിനിമയ നിരക്കിൽ രൂപയുടെ മൂല്യം 89.84ൽനിന്ന് 89.92 ആയി ദുർബലപ്പെട്ടു. വെള്ളി വില ഗ്രാമിന് നാലു രൂപ കുറഞ്ഞു;196 രൂപ.24 കാരറ്റ് സ്വർണത്തിന്റെ വില പവന് 1 ,04,890 രൂപയും 18 കാരറ്റ് സ്വർണത്തിന്റെ വില പവന് 78,890 രൂപയുമായി ഉയർന്നു.

സർവകലാശാലാ വാർത്ത

എം.ജി. www.mgu.ac.in

ഡിജിറ്റൽ ലാൻഡ് സർവേ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജിഐഎസ് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവേയിംഗ് ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സിൻറെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.
സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡിഫെറെൻഷ്യൽ ജിപിഎസ്, ഓട്ടോലെവൽ, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവയുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ പരിശീലനമാണിത്. ഡിസംബർ 15 വരെ അപേക്ഷകൾ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (വേബേ://ലെ.ാഴൗ.മര.ശി) ഫോൺ– 8590282951

റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഡാസ്പ്) നടത്തുന്ന ഡിപ്ലോമ ഇൻ ബേക്കറി ആൻഡ് കൺഫെക്ഷണറി ആർട്സ് (യോഗ്യത–പ്ലസ് ടു) ഒഴിവുള്ള സീറ്റുകളിലേക്ക് ജനുവരി അഞ്ചു വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ ....ാമഴൗ.ാഴൗ.മര.ശി എന്ന വെബ് സൈറ്റിൽ. ഇമെയിൽ:ാമമുാഴൗ.മര.ശി ഫോൺ –8078786798, 0481 2733292

പരീക്ഷാ തീയതി

എട്ടാം സെമസ്റ്റർ ബിഎച്ച്എം (പഴയ സ്കീം– 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി ഏഴു മുതൽ നടക്കും.

പരീക്ഷാഫലം

നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി കെമിസ്ട്രി (2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) മെയ് 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....

അഞ്ചാം സെമസ്റ്റർ ത്രീവത്സര ഏകീകൃത എൽഎൽബി (2022 അഡ്മിഷൻ റഗുലർ സ്പെഷ്യൽ സപ്ലിമെൻററി) സെപ്റ്റംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

.....

ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ, ബിബിഎ എൽഎൽബി (ഓണേഴ്സ്) (2020 അഡ്മിഷൻ റഗുലർ തോറ്റവർക്കായുള്ള സ്പെഷ്യൽ സപ്ലിമെൻററി) സെപ്റ്റംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബിഎസ്.സി ഇൻഫർമേഷൻ ടെക്നോളജി മോഡൽ 3 (സിബിസിഎസ്) (പുതിയ സ്കീം–2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നവംബർ 2025ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ
ഡിസംബർ 10 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

രാഹുൽ എവിടെയുണ്ടെന്ന് അറിയാവുന്നയാൾ മുഖ്യമന്ത്രിമാത്രം: അടൂർ പ്രകാശ്

കൊല്ലം: രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ. എവിടെയുണ്ടെന്ന് അറിയാവുന്ന ആൾ കേരളത്തിന്റെ മുഖ്യമന്ത്രിമാത്രമാണെന്നും അദ്ദേഹത്തിന്റെ പോലീസിന് ഇക്കാര്യം അറിയാമെന്നും യു.ഡി.എഫ്. സംസ്ഥാന കൺവീനർ അടൂർ പ്രകാശ് എം.പി. കൊല്ലം പ്രസ് ക്ലബിൽ തദ്ദേശ തെരഞ്ഞെടുപ്പു സംവാദ പരിപാടിയായ ദേശപ്പോര് –2025ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തെരഞ്ഞെടുപ്പു തീയതി വരെ, രണ്ടുമൂന്നു ദിവസംകൂടി, ഇതു ലൈവായി നീട്ടിക്കൊണ്ടുപോകാനാണ് സി.പി.എമ്മിന്റെ ഉദ്ദേശം. രാഹുൽ മാങ്കൂട്ടത്തിനെതിരേ ശക്തമായ തീരുമാനമാണ് കോൺഗ്രസ് എടുത്തത്. തെറ്റ് മനസിലാക്കി അതിനു പരിഹാരമുണ്ടാക്കുകയാണ് ചെയ്തത്. സമാന കാര്യങ്ങളിൽ ഇടതുപക്ഷം എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? പാർട്ടിയുടെ അന്വേഷണ കമ്മിഷന്റെ റിപ്പോർട്ട് കിട്ടിയിട്ടും അവർക്കു സംരക്ഷണമൊരുക്കുകയാണു സി.പി.എം. ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

വിലനിലവാരം

● സ്വർണ വില ഉയർന്നു

● വെള്ളിച്ചെണ്ണ
വെള്ളിച്ചെണ്ണ.....33,600
വെള്ളിച്ചെണ്ണ: മില്ലിങ്.....34,100
കൊപ്ര.....20,200–20,400
● പിണ്ണാക്ക്
എക്സ്പെല്ലർ.....4100
പിണ്ണാക്ക് റോട്ടറി.....4200
● കുരുമുളക്
അൺഗാർബിൾഡ്.....69,200
പുതിയ കുരുമുളക്.....68,200
കുരുമുളക് ഗാർബിൾഡ്.....71,200
● ചുക്ക്
മീഡിയം.....28,000
ചുക്ക് ബെസ്റ്റ്.....30,000
● മഞ്ഞൾ
നാടൻ.....15,500–16,000
സേലം ഈറോഡ്.....ഇല്ല
കാഞ്ഞിരകുരു.....1850
അടയ്ക്ക.....36,000
അടയ്ക്ക പുതിയത്.....35,000
പഞ്ചസാര.....4500
മുളക്.....19000
ഉഴുന്ന്.....9600–10,700
ചെറുപയർ.....10000–13,600
കടല.....8100–10100
മുതിര.....5000
എള്ള്.....22,000
മല്ലി.....7800–9200
പച്ചരി നമ്പർ.1.....4700
പുഴുക്കലരി ജയ.....4200–4500
● ജാതിക്ക
തൊണ്ടൻ.....(കിലോ 200–270)
ജാതിക്കതൊണ്ടില്ലാത്ത്.....550–600
ജാതിപത്രിചുവപ്പ്മഞ്ഞ.....1000–1200
ജാതി ഫ്ളവർ ചുവപ്പ്.....1300–1850
ജാതി ഫ്ളവർ മഞ്ഞ.....1850–2000
ഗ്രാമ്പൂ.....780–895
● റബർ
ആർ.എസ്.എസ്.5.....18,100
ആർ.എസ്.എസ്.4.....18,400
ഒട്ടുപാൽ.....12,200
ലാറ്റക്സ്.....12,000
● കാലടി വിപണി
ജാതിക്കതൊണ്ടൻ–കിലോ–200–270
ജാതിക്കതൊണ്ടില്ലാത്ത്–580–600
ജാതിപത്രിചുവപ്പ്മഞ്ഞ–1000–1200
ഫ്ളവർ ചുവപ്പ്മഞ്ഞ–1300–2000
● സ്വർണം
സ്വർണം പവൻ.....95840
സ്വർണം ഗ്രാം.....11980
● സ്വർണം അവധി
ഡിസംബർ.....128305
ഫെബ്രുവരി.....130648
റബർ ബോർഡ്
● കോട്ടയം
ആർ.എസ്.എസ്.4.....18,400
ആർ.എസ്.എസ്.5.....18,100
ഐ.എസ്.എൻ.ആർ–20..... 16,350
ലാറ്റക്സ് 60%.....12,680
● കൊച്ചി
ആർ.എസ്.എസ്.4.....18,400
ആർ.എസ്.എസ്.5.....18,100
● ബാങ്കോക്ക്
ആർ.എസ്.എസ്. 1.....
ആർ.എസ്.എസ്. 2.....
ആർ.എസ്.എസ്. 3.....
ആർ.എസ്.എസ്. 4.....
ആർ.എസ്.എസ്. 5.....
● കലാലംപൂർ
എസ്.എം.ആർ–20.....15981
ലാറ്റക്സ് 60%.....12854
● ആലപ്പുഴ മാർക്കറ്റ്
വെളിച്ചെണ്ണ 34800–34300
കൊപ്ര തെളിവ് 20300
കൊപ്ര ഓടെ 20350
കൊപ്ര രാശി 20400
സ്വർണം ഒരു ഗ്രാം 11920
സ്വർണം എട്ടു ഗ്രാം 95360
തങ്കം 10 ഗ്രാം 122200
വെള്ളി ഒരു കിലോ..... 187000

ഭക്ഷണം ഓർഡർ ചെയ്തു; മുങ്ങിനടന്ന 'ബ്ലൂചിപ്പ്' സ്ഥാപകൻ കുടുങ്ങി

● രവീന്ദ്രനാഥ് സോണി പോലീസ് ഉദ്യോഗസ്ഥർക്കൊപ്പം.

ന്യൂഡൽഹി: ദുബായിൽ തട്ടിപ്പ് നടത്തിയ ശേഷം മുങ്ങിയ ബ്ലൂചിപ്പ് ഗ്രൂപ്പ് ഉടമ രവീന്ദ്രനാഥ് സോണി ഉത്തർ പ്രദേശിൽ അറസ്റ്റിൽ.

ഡെറാഡൂണിൽവച്ച് മൊബൈൽ ആപ്പ് വഴി ഭക്ഷണത്തിന് ഓർഡർ നൽകിയതാണ് അയാൾക്കു തിരിച്ചടിയായത്. ഭക്ഷണം സ്വീകരിക്കാൻ വാതിൽ തുറന്നപ്പോഴാണ് പോലീസ് സംഘം ഇയാളെ പിടികൂടിയതെന്ന് കാൺപൂർ അഡീഷണൽ ഡെപ്യൂട്ടി പോലീസ് കമ്മിഷണർ അഞ്ജലി വിശ്വകർമ്മ പറഞ്ഞു.

ദുബായിക്കു പുറമേ യു.എസ്, മലേഷ്യ എന്നിവിടങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിലും അയാൾ തട്ടിപ്പ് നടത്തിയതായി പരാതികളുണ്ട്. കഴിഞ്ഞ വർഷമാണു ബ്ലൂചിപ്പ് ഗ്രൂപ്പ് പാപ്പരായത്. തുടർന്നു ദുബായിൽ സോണിയുടെ പേരിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടു. അതോടെ അയാൾ മുങ്ങുകയായിരുന്നു. അയാൾ എങ്ങനെയാണ് ഇന്ത്യയിലെത്തിയതെന്നു വ്യക്തമല്ല. പോലീസ് ദീർഘകാലമായി സോണിയെ നിരീക്ഷിച്ചു വരികയായിരുന്നുവെന്നും, ഡെറാഡൂണിൽ വച്ചാണ് കണ്ടെത്തിയതെന്നും അഞ്ജലി വിശ്വകർമ്മ പറഞ്ഞു. 'ഒരു ഫുഡ് ഡെലിവറി ആപ്പിനായി അയാൾ നൽകിയ വിലാസമാണ് ഞങ്ങൾക്ക് സഹായകമായത്. സോണിക്കെതിരേ ഇന്ത്യയിലും നിരവധി കേസുകളുണ്ട്. വിവിധ അക്കൗണ്ടുകളിൽനിന്ന് 80 ലക്ഷം രൂപ കണ്ടെത്തി മരവിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിൽ മൂന്ന് കമ്പനികളും, ബ്ലൂചിപ്പ് ഗ്രൂപ്പിന് 12 അനുബന്ധ കമ്പനികളും ഉണ്ടായിരുന്നു, അതിലെല്ലാം ഡയറക്ടർമാരിൽ ഒരാളായിരുന്നു അയാൾ'– അവർ പറഞ്ഞു.

യു.എ.ഇ. ആസ്ഥാനമായുള്ള ഖലീജ് ടൈംസിന്റെ റിപ്പോർട്ട് അനുസരിച്ച് അയാളുടെ സ്ഥാപനം 90 വ്യക്തികളിൽനിന്ന് 150 കോടി രൂപയിയധികം തട്ടിയെടുത്തിട്ടുണ്ട്. നിക്ഷേപിച്ച തുക 36 മുതൽ 46 മാസത്തിനുള്ളിൽ ഇരട്ടിയാക്കാമെന്ന വാഗ്ദാനം ചെയ്തായിരുന്നു തട്ടിപ്പുകൾ.

സന്നിധാനത്ത് സംയുക്ത സേനയുടെ റൂട്ട് മാർച്ച് ഇന്നു പ്രത്യേക സുരക്ഷാ ക്രമീകരണങ്ങൾ

ശബരിമല: സന്നിധാനത്തു സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കി. കേരള പോലീസ്, സി.ആർ.പി.എഫ്, ആർ.എ.എഫ്, എൻ.ഡി.ആർ.എഫ്, ആന്റി സബോട്ടേജ് ചെക്ക് ടീം, ബോംബ് ഡിറ്റക്ഷൻ ആൻഡ് ഡിസ്പോസൽ സ്ക്വാഡ്, സ്പെഷൽ ബ്രാഞ്ച് എന്നീ സേനാ വിഭാഗങ്ങൾ സംയുക്തമായി റൂട്ട് മാർച്ച് നടത്തി. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അധിക സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നു സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ ആർ. ശ്രീകുമാർ അറിയിച്ചു. രാത്രി 11 നു നടയടച്ചു കഴിഞ്ഞാൽ ഭക്തരെ പതിനെട്ടാം പടി കയറാൻ അനുവദിക്കില്ല. നടയടച്ചശേഷം തിരുമുറ്റവും പരിസരവും കേരളാ പോലീസിന്റെ ആന്റി സബോട്ടേജ് ടീം പരിശോധനയ്ക്കു വിധേയമാക്കും. നടയടച്ച ശേഷം വരുന്ന ഭക്തർക്കു നടപ്പന്തലിലെ ക്യൂവിൽ കാത്തുനിൽക്കാം. പിറ്റേന്നു രാവിലെമാത്രമേ പടികയറാൻ സാധിക്കൂവെന്നും അദ്ദേഹം പറഞ്ഞു. ബോംബ് ഡിറ്റക്ഷൻ സ്ക്വാഡിലേക്ക് 8 പേരെ അധികമായി നിയോഗിക്കുകയും ആന്റി സബോട്ടേജ് ടീമിനെ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജീവനക്കാരുടെ ബാരക്കുകൾ ഉൾപ്പെടെ, താമസസ്ഥലങ്ങൾ, സ്ഥിരം എൻട്രി പോയിന്റുകൾ എന്നിവ കർശനമായി പരിശോധിക്കും. തിരിച്ചറിയൽ കാർഡോ രേഖകളോ ഇല്ലാത്ത ആരെയും സ്റ്റാഫ് ഗേറ്റ് ഉൾപ്പെടെയുള്ള മറ്റു കവാടങ്ങളിലൂടെ കടത്തിവിടില്ല.

നടപ്പന്തലിലും ദർശനം തുടങ്ങുന്നിടത്തും സ്കാനറുകൾ, ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറുകൾ, ഹാൻഡ് ഹെൽഡ് മെറ്റൽ ഡിറ്റക്ടറുകൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനയുണ്ടാകും. പതിനെട്ടാം പടി വഴിയുള്ള തീർഥാടനം സാധാരണപോലെ നടക്കും. എന്നാൽ, സംശയാസ്പദമായി എന്തെങ്കിലും കണ്ടാൽമാത്രം പരിശോധന നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ഇരുമുടിക്കെട്ടുമായി വരുന്ന ഭക്തരെ പൂർണമായി പരിശോധിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ സംശയം തോന്നുന്നവരെയാകും പ്രധാനമായും പരിശോധിക്കുക. സന്നിധാനത്തേക്കുള്ള ട്രാക്ടറുകളുടെ നീക്കം രണ്ടു ദിവസത്തേക്കു നിയന്ത്രിച്ചിട്ടുണ്ട്. ട്രാക്ടറുകളിൽ കൊണ്ടുവരുന്ന സാധനങ്ങളും പരിശോധനയ്ക്കു വിധേയമാക്കും. സുരക്ഷിതമായ ദർശനം ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ഈ ക്രമീകരണങ്ങളോട് അയ്യപ്പഭക്തരും ഉദ്യോഗസ്ഥരും തൊഴിലാളികളും പൂർണമായി സഹകരിക്കണമെന്നു സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ അഭ്യർഥിച്ചു.

പുടിനുള്ള അത്താഴവിരുന്നിൽ തരൂർ പങ്കെടുത്തു

ന്യൂഡൽഹി: ഇന്ത്യ സന്ദർശിക്കുന്ന റഷ്യൻ പ്രസിഡന്റ് വ്ലാഡിമിർ പുടിന്റെ ബഹുമാനാർഥമുള്ള ഔദ്യോഗിക അത്താഴ വിരുന്നിൽ കോൺഗ്രസ് നേതാവ് ശശി തരൂർ എം.പി.യ്ക്ക് ക്ഷണം. ചടങ്ങിലേക്കു കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി എന്നിവരടക്കമുള്ള പ്രതിപക്ഷ നേതാക്കൾക്ക് ക്ഷണം നൽകാത്തത് വിവാദമായിരുന്നു.

ഔദ്യോഗിക അത്താഴ വിരുന്നുകളിലേക്കുള്ള ക്ഷണിതാക്കളുടെ തെരഞ്ഞെടുക്കുന്ന രീതിയെക്കുറിച്ച് തനിക്കറിയില്ലെന്നും ചടങ്ങിൽ പങ്കെടുക്കുമെന്നും തരൂർ നേരത്തെ വ്യക്തമാക്കിയിരുന്നു. വിദേശകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെ അധ്യക്ഷൻ എന്ന നിലയിൽ സർക്കാരിൽനിന്നു ലഭിച്ച ബഹുമാനം കാരണമാണ് താൻ പങ്കെടുക്കാൻ തീരുമാനിച്ചതെന്നു തരൂർ മാധ്യമങ്ങളോട് പറഞ്ഞു.

കഴിഞ്ഞ ഏതാനും മാസങ്ങളായി ശശി തരൂർ കോൺഗ്രസ് നേതൃത്വവുമായി അകൽച്ചയിലാണ്.

വിദേശ പ്രതിനിധികളും പ്രതിപക്ഷ നേതാക്കളും തമ്മിലുള്ള കൂടിക്കാഴ്ചകൾ സർക്കാർ തടയുന്നു എന്ന് രാഹുൽ ഗാന്ധി നേരത്തെ ആരോപിച്ചിരുന്നു. അതിനു പിന്നാലെയാണു തരൂരിനു ക്ഷണം ലഭിച്ചത്. വിരുന്നിൽ പങ്കെടുക്കാനുള്ള ക്ഷണം സ്വീകരിച്ചതിനു ശശി തരൂരിനെ കോൺഗ്രസ് നേതാവ് പവൻ ഖേര വിമർശിച്ചു. നേതാക്കൾ ബി.ജെ.പിയുടെ തന്ത്രത്തിൽ വീഴരുതെന്ന് അദ്ദേഹം നിർദേശിച്ചു.

ദേശീയപാത: മന്ത്രി മുഹമ്മദ് റിയാസ് കേന്ദ്രമന്ത്രിക്ക് കത്തയച്ചു

തിരുവനന്തപുരം: കൊല്ലം മൈലക്കാട്ട് ദേശീയപാത നിർമാണത്തിനിടെ റോഡ് ഇടിഞ്ഞ സംഭവത്തിൽ അടിയന്തര നടപടി ആവശ്യപ്പെട്ടു മന്ത്രി പി.എ. മുഹമ്മദ് റിയാസ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിധിൻ ഗഡ്ക്കരിക്കു കത്തയച്ചു. കേന്ദ്രത്തിന്റെ അടിയന്തര ഇടപെടലും നടപടിയും ഉണ്ടാകണമെന്നും ദേശീയപാത 66 ന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനൊപ്പം ഗുണനിലവാരവും സുരക്ഷാക്രമീകരണങ്ങളും ഉറപ്പുവരുത്തണമെന്നും കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

വിനിമയം

ഡോളർ	90.01
യൂറോ	104.85
പൗണ്ട്	119.99
സ്വിസ്ഫ്രാങ്ക്	112.05
സിംഗപ്പൂർ	69.49
ആസ്ട്രലിയൻ	59.73
കനേഡിയൻ	64.62
ബഹറിൻ ദിനാർ	238.52
കുവൈറ്റ് ദിനാർ	293.22
ഒമാനി റിയാൽ	233.72
സൗദി റിയാൽ	23.97
യുഎഇ ദിർഹം	24.49
ഖത്തർ റിയാൽ	24.68

അറിയിപ്പ്

ഏഴുക്കരനാട് കോനാട്ട് വീട്ടിൽ മത്തായി മകൻ ഏലിയാസ് എന്ന എന്റേയും ഭാര്യ പരേതയായ ലിസിയുടേയും ഉടമസ്ഥതയിലുള്ള ശണിട് വില്ലേജ് സർവ്വെ 42/5 ൽ 12.14 ആർ വസ്തുവിന്റെ പിറവം സബ് രജിസ്റ്റർ ഓഫീസിലെ 1992 ലെ 1845-ാം നമ്പർ ഒറിജിനൽ ആധാരം തിരിച്ച് കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടിരിക്കുന്നു. ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി അസ്സലായി ഉപയോഗിച്ച് കരണങ്ങൾ ചെയ്യുന്നതിന് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്ന്, ഏലിയാസ്, ഫോൺ: 9744114648

അറിയിപ്പ്

പാമ്പാക്കുട കണിക്കുന്നേൽ വീട്ടിൽ ലേഖ എന്ന എന്റെ ഉടമസ്ഥതയിലുള്ള ഓണക്കൂർ വില്ലേജ് സർവ്വെ 827/1/1 ൽ 40.47, 825/1 ൽ 40.47, 826/5/B ൽ 20.23 ആർ വസ്തുക്കളുടെ പിറവം സബ് രജിസ്റ്റർ ഓഫീസിലെ 1995 ലെ 3520-ാം നമ്പർ ഒറിജിനൽ ആധാരം തിരിച്ച് കിട്ടാനാവാത്തവിധം നഷ്ടപ്പെട്ടിരിക്കുന്നു. ടി ആധാരത്തിന്റെ സർട്ടിഫൈഡ് കോപ്പി അസ്സലായി ഉപയോഗിച്ച് കരണങ്ങൾ ചെയ്യുന്നതിന് ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനകം എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്. എന്ന്, ലേഖ, ഫോൺ: 9895880119

പരസ്യം

കണയന്നൂർ താലൂക്ക്, മണകുന്നം വില്ലേജ്. സർവ്വേ നമ്പർ 654/4 ൽ 12 ആർ സ്ഥലത്തിന്റെ കൈക്കാം സബ് രജിസ്ട്രാർ ഓഫീസിലെ 4076/1102 ME നമ്പർ ഭാഗാധാരം എന്റെ പിതാവിന്റെ പിതാവ് തോമസ് ഔസേഫ് പേർക്ക് സിദ്ധിച്ചിട്ടുള്ളതാണ്, ടി ഭാഗാധാരം ഞങ്ങളുടെ കൈവശത്തിൽ നിന്നും തിരിച്ചു കിട്ടാനാവാത്ത വിധം നഷ്ടപ്പെട്ടിരിക്കുന്നു. ടി ഭാഗാധാരം മറ്റെവിടെയെങ്കിലും പണയപ്പെടുത്തുകയോ കോർട്ട് ജപ്തി, ജാമ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. ഈ ആധാരത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അസ്സൽ പോലെ ഉപയോഗിക്കുന്നതിനോ ക്രയവിക്രയങ്ങൾ നടത്തുന്നതിനോ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഇന്നു മുതൽ 7 ദിവസത്തിനകമായി എന്നെ രേഖാമൂലം അറിയിക്കേണ്ടതാണ്.
2025 ഡിസംബർ മാസം 6 തീയതി, പുന്ന്, ലിസമ്മ ജയിംസ്, പൈനുങ്കൽ വീട്, കണ്ടനാട് പി.ഒ, എറണാകുളം, Mob. 9446267577

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAV SK-30 DRAW RESULT 05/12/2025

ഒന്നാം സമ്മാനം ₹ 1 കോടി RO 543537 കോഴിക്കോട്
സമാശ്വാസ സമ്മാനം ₹ 5000: RN 543537 RP 543537 RR 543537 RS 543537 RT 543537 RU 543537 RV 543537 RW 543537 RX 543537 RY 543537 RZ 543537
രണ്ടാം സമ്മാനം ₹30 ലക്ഷം: RY 493035 പുനലൂർ
മൂന്നാം സമ്മാനം ₹5 ലക്ഷം: RT 209541 പത്തനംതിട്ട
നാലാം സമ്മാനം ₹5000: 0192 0341 4280
അഞ്ചാം സമ്മാനം ₹2000: 4562 6226 9286
ആറാം സമ്മാനം ₹1000: 0269 1793 2679 3593 3919 4404 4495 5247 6287 6883 7246 7456 8037 8200 8661 8810 8890 9783 9868 0080 0296 1375 1462 1689 1809 1849 1912 3063 3227 3461 5053 5469 6411 6685 7710 8000 8063 8507 8745 8839 9269 9613 9694 9719
ഏഴാം സമ്മാനം ₹500: 0132 0138 0222 0232 0530 0649 0697 0762 1069 1337 1397 1433 1610 2137 2216 2274 2417 2572 2612 2850 2885 2933 3003 3089 3158 3427 3507 3615 4017 4214 4296 4411 4595 4758 4835 4902 5097 5174 5183 5198 5210 5599 5605 5776 5777 5866 6054 6101 6155 6163 6174 6207 6221 6428 6472 6482 6517 6556 7093 7336 7634 7670 7743 8156 8389 8562 8567 8710 9122 9191 9221 9492 9574 9673 9745 9882
എട്ടാം സമ്മാനം ₹200: 0275 0298 0338 0391 0525 0619 0652 1137 1623 1694 1723 1810 1891 1902 1919 1958 1978 1980 1993 2054 2067 2141 2230 2276 2300 2574 2935 3051 3133 3315 3353 3455 3487 3573 3686 3717 3899 4005 4073 4139 4150 4457 4521 4566 4710 4989 5215 5249 5435 5545 5553 5598 5693 5813 5838 5861 6009 6014 6151 6203 6639 6647 6771 6810 6972 6994 7277 7293 7389 7459 7563 7680 7827 7967 8006 8184 8220 8235 8515 8836 8983 9072 9169 9241 9348 9403 9477 9662 9689 9737 9793 9938
ഒൻപതാം സമ്മാനം ₹100: 0024 0042 0145 0147 1921 1934 2077 2100 2112 2164 2167 2169 2406 2478